# ജോർജ് കെ. മണ്ണിക്കരോട്ട്

ജനനം: മെയ് 28, 1943
സ്ഥലം: പത്തനാപുരത്ത് പട്ടാഴി (കല്ലടയാറിനു വടക്കുഭാഗം)
പിന്നീട് പത്തനംതിട്ട ജില്ലയിലുള്ള കൈതപ്പറമ്പ് (ഏഴംകുളത്തിനടുത്ത്) എന്ന ചെറിയ ഗ്രാമത്തിലേക്കു മാറി.
പിതാവ്: മണ്ണിക്കരോട്ട് മത്തായി കൊച്ചുമ്മൻ
മാതാവ്: മറിയമ്മ (കൈതറേത്ത്, കടമ്പനാട്)

**കുടുംബപശ്ചാത്തലം**

രണ്ടുപേരുടേയും പിതാക്കന്മാർ അദ്ധ്യാപകരായിരുന്നു. ധാരാളം ഭൂസ്വത്തുക്കളുള്ള കുടുംബങ്ങൾ. കൃഷി രണ്ടുകുടുബങ്ങളിലും പ്രധാനമായിരുന്നു. കൃഷിയോടൊപ്പം മണ്ണിക്കരോട്ടുകാർ വേട്ട (Hunting), കല്ലടയാറ്റിലെ കയങ്ങളിൽ പോയി മീൻപിടിത്തം (Fishing), ജോതിഷം, അയുർവ്വേദം, അടിതട, ഗുസ്തി എന്നിവയിലുമൊക്കെ പ്രസിദ്ധരായിരുന്നു. അന്നത്തെ രീതിയിൽ വളരെ വലിയ നാലുകെട്ടും പടിപ്പുരയും ഒക്കെയാ യിട്ടായിരുന്നു കുടുംബവീട്.

എന്റെ പിതാവിന് ജന്മസിദ്ധമായി ലഭിച്ച ധാരാളം ഭൂമി ഉണ്ടായിരുന്നെങ്കിലും കൃഷിയേക്കാൾ കൂടുതൽ വ്യവസായത്തിലാണ് അദ്ദേഹം താൽപര്യം കാണിച്ചത്. പരിചയമില്ലാത്ത വ്യവസായമേഖല തിരഞ്ഞെടുത്തത് വാസ്തവത്തിൽ പരാജയത്തിലേക്കുള്ള നീക്കമായിരുന്നുവെന്ന് അന്ന് അറിഞ്ഞിരുന്നില്ല. കാരണം നഷ്ടം നികത്താൻ ഭൂസ്വത്തുക്കൾ ധാരാളം ഉണ്ടായിരുന്നെന്നതു തന്നെ. ക്രമേണ കൃഷിഭൂമിയും വ്യവസായവും ഒരുപോലെ എന്റെ പിതാവിന്റെ കൈകളിൽനിന്ന് വിട്ടകലുകയായിരുന്നു. എന്നാൽ എല്ലാ പരജയവും മണ്ണിക്കരോട്ട് എന്ന കുടുംബപേരിന്റെ മറവിൽ ഒളിഞ്ഞു.

അതോടൊപ്പം കുടുംബത്തിനെതിരേ വ്യവഹാരങ്ങളും കുറവല്ലായിരുന്നു. അന്ന് പട്ടാഴിയുടെ ഭരണം ദേവസ്വത്തിന്റെ ചുമതലയിലായിരുന്നു. അത് അടക്കി ഭരിച്ചിരുന്നത് കല്ലടയാറിന് തെക്കുള്ള നമ്പുമഠക്കാരായിരുന്നു. അവർക്കായിരുന്നു ചരിത്രപ്രസിദ്ധമായ പട്ടാഴി അമ്പലത്തിന്റെ ചുമതലയും. പട്ടാഴിക്കാർ കരം കൊടുക്കേണ്ടതും അവർക്കായിരുന്നു. അങ്ങനെ അധികാരം ആറിന് തെക്കുള്ള നമ്പുമഠക്കാർക്കും സാമ്പത്തികശക്തിയും ആൾശക്തിയും ഭൂസ്വത്തും ആറിന് തെക്കുള്ള മണ്ണിക്കരോട്ടുകാർക്കും. ഈ രണ്ടുശക്തികളുടെയും ഇടയിൽ എന്നും ഒരുതരം ശീതസമരം കുടികൊണ്ടിരുന്നു. മണ്ണിക്കരോട്ടുകാർ നമ്പുമഠക്കാർക്ക് കരം കൊടുക്കുന്നതിൽ വിമുഖത കാട്ടി. അത് പലപ്പോഴും കൂട്ടിമുട്ടലിലും അടിപിടിയിലും പിന്നെ വ്യവഹാരങ്ങളിലും കലാശിച്ചു.

വല്ല്യപ്പച്ചൻ പ്രായമായതോടെ മണ്ണിക്കരോട്ട് കുടുംബത്തിന്റെ ചുമതല എന്റെ പിതാവിനെയാണ് ഏൽപ്പിച്ചത്. അതുകാരണം കേസുകൾ നടത്തേണ്ടതും അദ്ദേഹത്തിന്റെ ചുമലിലായി. എന്നാൽ പിൽക്കാലത്ത് കുടുംബം അദ്ദേഹത്തിന് ലഭിച്ചതുമില്ല. കൂടാതെ എനിക്ക് ഏറ്റവും മൂത്തത് നാല് സഹോദരിമാരായിരുന്നു. അന്നത്തെ സ്ത്രീധനവ്യവസ്ഥ കുടുംബസ്വത്തിന്റെ നല്ലൊരുഭാഗം കവർന്നെടുത്തു. അങ്ങനെ വ്യവഹാരം, പരാജയപ്പെട്ട കൃഷിയും വ്യവസായവും, തഴച്ചുനിന്ന സ്ത്രീധനവ്യവസ്ഥ എല്ലാംകൂടിയായപ്പോൾ എന്റെ പിതാവിന് ലഭിച്ച ഭൂസ്വത്തുക്കൾ കുട്ടിച്ചോറാകുകയായിരുന്നു. ഇളയവരായ സഹോദരങ്ങൾക്ക് പ്രത്യേകിച്ച് കുടുംബത്തിൽ ഏറ്റവും ഇളയവനായ എനിക്ക്, ഒരു സമയത്ത് മുറ്റത്ത് കളം നിറഞ്ഞുകവിഞ്ഞ് 'പവിഴക്കതിർക്കുലപോലെ' കൂട്ടിയിരുന്ന നെൽക്കറ്റകളും അതിരുകാണാൻ കഴിയാതെ നീണ്ടുപരന്നു കിടന്ന വസ്തുക്കളും ഓർമ്മയായി.

**ബാല്യം, കൗമാരം**

അങ്ങനെ കൗമാരത്തിൽ, ബാല്യത്തിലെ സമൃദ്ധിയുടെ ഓർമ്മകൾ അയവിറക്കിക്കൊണ്ട് പലപ്പോഴും കഷ്ടപ്പാടിന്റെ കാഠിന്യം രുചിച്ചറിഞ്ഞിരുന്നു. അതോടൊപ്പം പഴയ പ്രാബല്യം വീണ്ടെടുക്കാനുള്ള ചിന്തയും എന്നിൽ കുടികൊണ്ടു. മാത്രമല്ല, അപ്പോഴും പിതൃസഹോദരങ്ങളുടെ കുടുംബങ്ങൾക്ക് കാലാനുസാരമായ മാറ്റങ്ങളിലൂടെ സാമ്പത്തിക വളർച്ച നിലനിർത്താനും വർദ്ധിപ്പിക്കാനും കഴിഞ്ഞിരുന്നു. കുടുംബത്തിലെ ആന്തരീകമായ ഈ അന്തരവും എന്നിൽ മാറ്റത്തിന്റെ ചിന്തയ്ക്ക് കാരണമായിട്ടുണ്ട്. ഈ സാഹചര്യത്തിലായിരുന്നു കൗമാരം കടന്നുപോയത്.

**പഠനം**

പിതാവിന്റെ ശിക്ഷണത്തിലാണ് അക്ഷരാഭ്യാസം തുടങ്ങിയത്. ആദ്ധ്യാത്മിക കാര്യങ്ങളിൽ മാതാവിന്റെ പ്രേരണയായിരുന്നു കൂടുതലും. അതുപോലെ പുരാണേതിഹാസങ്ങളെക്കുറിച്ചും അമ്മ അറിവ് പകർന്നു. എന്തൊക്കെയായാലും പിതാവ് നീണ്ടമണിക്കൂറുകൾ പ്രാർത്ഥിക്കുമായിരുന്നു. കുടുംബത്തിൽ കൃഷി, വ്യവസായം, ഹണ്ടിംഗ്, ഫിഷിംഗ് എന്നിവയൊക്കെയും ഉദ്യോഗതലത്തിൽ ക്ലാർക്ക്, അദ്ധ്യാപകർ, എഞ്ചിനീയർന്മാർ ഡോക്ടർമാർ ഒക്കെ ഉണ്ടായിരുന്നെങ്കിലും എഴുത്തുകാർ അല്ലെങ്കിൽ സാഹിത്യതലത്തിൽ പ്രഗത്ഭരായ ആരും ഉണ്ടായിരുന്നില്ല.

പ്രൈമറി സ്ക്കൂൾ പഠനം അടുത്തുള്ള ഒരു സ്ക്കൂളിലായിരുന്നു. എനിക്ക് ശരിയായ ഓർമ്മയുണ്ട്, അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ പല പുതിയ മലയാളം വാക്കുകൾക്കും അദ്ധ്യാപകർ പ്രതീക്ഷിക്കാത്ത അർത്ഥവിവരണം ഞാൻ പറഞ്ഞുകൊടുത്തിട്ടുണ്ട്. അതൊക്കെ പ്രയോഗമനുസരിച്ച് സ്വയം കണ്ടെത്തുന്നതായിരുന്നു. അതെല്ലാം ശരിയായിരുന്നുതാനും. എന്നാൽ അന്നൊന്നും എന്നിൽ ഒരു എഴുത്തുകാരനുണ്ടെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. മിഡിൽ സ്ക്കൂൾ വിദ്യാഭ്യാസം ഏതാണ്ട് 3 നാഴിക അകലെയുള്ള സെന്റ് പോൾസ് ഇംഗ്ലീഷ് ഹൈസ്ക്കൂളിലായിരു ന്നു.അവിടെ പ്രസംഗമത്സരം, ഉപന്യാസ മത്സരം, ഉപന്യാസവായന മുതലായവയ്ക്ക് ചേർന്നിരുന്നെങ്കിലും, മറ്റൊന്നും എഴുതിയിരുന്നില്ല.

8–ാം ക്ലാസ് കഴിഞ്ഞ് ഹൈസ്ക്കൂളിൽ പഠിക്കേണ്ട സമയമായപ്പോഴേക്കും പ്രൈവറ്റ് സ്ക്കൂളായിരുന്ന സെന്റ് പോൾസിന്റെ ഹൈസ്ക്കൂൾ വിഭാഗം നിറുത്തലാക്കി. അതുകൊണ്ട് ആറ്റിന് തെക്കേക്കരയിൽ അമ്പലത്തിനടുത്തുള്ള ഗവണ്മെന്റ് ഹൈസ്ക്കൂളിൽ ചേർന്നു പഠിക്കേണ്ടിവന്നു. ഏതാണ്ട് അഞ്ചു മൈലിലേറെ അകലെയായിരുന്നു ഈ ഹൈസ്ക്കൂൾ. നടന്നും വള്ളം കയറിയുമാണ് പോകേണ്ടിയിരുന്നത്. ആറിന്റെ വടക്കേക്കരയിൽനിന്നു പോകുന്ന എല്ലാവരും അങ്ങനെതന്നെയായിരുന്നു.

അവിടെവച്ച് ചുരുക്കമായി ചെറുകഥ എഴുതാൻ തുടങ്ങി. എന്നാൽ മലയാളത്തിൽ ഞാൻ ലേഖനങ്ങൾ എഴുതാനിരിക്കുമ്പോൾ അറിയാതെ ആശയങ്ങളും അതിനൊത്ത ഭാഷയും ഒഴുകിക്കൊണ്ടിരുന്നു. അതുപോലെ ലേഖനങ്ങൾ ഉദ്ദേശിക്കാത്ത വിധത്തിൽ നീണ്ടുപോകുകയും ചെയ്തിരുന്നു. അന്നും എന്നിൽ ഒരു എഴുത്തുകാരനുണ്ടെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. ഹൈസ്ക്കൂളിൽ അവസാന പരീക്ഷയിൽ എനിക്ക് ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ചത് മലയാളത്തിനായിരുന്നു.

പഠിക്കുന്ന കാലത്ത് എന്റെ അതേ ക്ലാസിൽ പഠിച്ചിരുന്ന മൂത്ത സഹോദരൻ ഉറക്കമുണർന്നിരുന്ന് ധാരാളം പഠിക്കുമായിരുന്നു. ഞാൻ നേരേ മറിച്ചും. അതുകൊണ്ട് അതുവരെ ഓരോ ക്ലാസിലും തോൽക്കാതെ പഠിച്ചുവെങ്കിലും ഫൈനലിന് ഞാൻ തോൽക്കുമെന്ന് മാതാപിതാക്കളും മറ്റ് സഹോദരങ്ങളും വിധിയെഴുതിയതാണ്. എന്നാൽ ഓരോന്നിനെക്കുറിച്ചും ഏതാണ്ട് വ്യക്തമായ ധാരണ എനിക്കുണ്ടായിരുന്നു. ഏതായാലും എസ്.എസ്. എൽ.സി. യ്ക്ക് ഞാൻ സെക്കൻഡ് ക്ലാസിൽ പാസ്സായി.

അതിനുശേഷം പത്തനംതിട്ട കാത്തലിക്കേറ്റ് കോളജിൽ ചേർന്നു. എസ്.എസ്.എൽ.സി. കഴിഞ്ഞുള്ള അവധിക്കാലത്ത് എന്റെ ഗ്രാമത്തിൽ ഭാഷയോട് താൽപര്യമുള്ള രണ്ടുമൂന്നു പേർകൂടി 'ഗ്രാമദീപം' എന്ന പേരിൽ ഒരു കയ്യെഴുത്തു മാസിക തുടങ്ങി. അതിൽ കഥകളും ലേഖനങ്ങളും എഴുതി. അക്കാലത്തെ നല്ല എഴുത്തുകാരേയും പ്രസാധകരേയും ഒക്കെ കേട്ടിട്ടുള്ളതല്ലാതെ നേരിട്ടറിയാനോ പരിചയപ്പെടാനോ കഴിഞ്ഞിട്ടില്ല. 'ഗ്രാമദീപ'ത്തിന് ചിലമാസങ്ങൾ മാത്രമെ ആയുസ്സുണ്ടായിരുന്നുള്ളു. അതിൽ പ്രവർത്തിച്ചിരുന്നവർ ഓരോ വഴിക്കുപോയി.

അപ്പോഴേക്കും എന്നിൽ എങ്ങനെയെന്നറിയുന്നില്ല മലയാളത്തോടുള്ള താൽപര്യം ഏറിവന്നു. എങ്ങനെയെങ്കിലും മലയാളം കൂടുതൽ പഠിക്കണമെന്ന് ചിന്തയായി. അതിനായി പ്രൈവറ്റായി മലയാളം വിദ്വാൻ പഠിക്കുന്നതിന് ചേർന്നു. ഒപ്പം സംസ്കൃതവും പഠിക്കാൻ തുടങ്ങി. ഈ സമയത്താണ് ഞാൻ മലയാളത്തിൽ കൂടുതൽ കൃതികൾ വായിക്കാനിടയായത്. സ്ക്കൂളിൽ പഠിക്കുന്ന കാലത്ത് സ്ക്കൂളിലേക്കുവേണ്ട പുസ്തകങ്ങളേ വായിക്കാവു എന്നായിരുന്നു കുടുംബത്തിലെ നിഷ്കർഷ.

അക്കാലത്ത് കുടുംബാവസ്ഥയെക്കുറിച്ചും ഞാൻ ചിന്താധീനനായിരുന്നു. പിതാവിന് ഏഴ് സഹോദരന്മാരാണ് ഉണ്ടായിരുന്നത്. എന്നാൽ എന്റെ കൗമാരം മുതൽ ഞങ്ങളുടെ വീട്ടിൽ മാത്രമാണ് കൂടുതൽ സമ്പത്തികപരാധീനത അനുഭവപ്പെട്ടിരുന്നത്. അതിന് ഒരു അന്ത്യമുണ്ടാകണമെന്നും കുടുംബത്തിൽപ്പെട്ട മറ്റുള്ളവരെപ്പോലെയോ അതിലുപരിയോ എല്ലാം നേടിയെടുക്കണമെന്ന ചിന്തയും എന്നിൽ ഉടലെടുത്തിരുന്നു.

അമേരിക്കയിൽ എത്തിയ ശേഷം സൈക്കൊളജിയിൽ (Psychology) ബിരുദാന ന്തരബിരുദമ മെടുത്തു.

**ജോലി**

ഈ അവസരത്തിലാണ് ഇന്ത്യയും ചൈനയുമായുള്ള യുദ്ധം തുടങ്ങിയത് (1962). യുദ്ധം കൊടുംബിരികൊണ്ടിരിക്കുമ്പോൾ സൈന്യത്തിൽ ചേർന്നാൽ കഴിവുള്ളവർക്ക് കമ്മിഷൻ കിട്ടാൻ സാധ്യതയുണ്ടെന്നും അങ്ങനെ ആർമിയിൽ ഓഫീസർ ആകാൻ കഴിയുമെന്നും ഞാൻ മനസ്സിലാക്കി. അത് ആർമിയിൽ ചേരാനുള്ള ചിന്തയ്ക്ക് കാരണമാകുകയും ചെയ്തു. മാത്രമല്ല ഈ സമയത്ത് വടക്കെ ഇൻഡ്യയിൽ ഉത്തരപ്രദേശത്തിന്റെ തലസ്ഥാനമായ ലക്നൗവിൽ പോകാൻ ഒരു അവസരമുണ്ടായി.അവിടെ ചെന്നാൽ സൈന്യത്തിൽ ചേരാമെന്നും അത് കമ്മീഷന്റെ തുടക്കമാണെന്നും ഞാൻ ചിന്തിച്ചു. അങ്ങനെ 1962 അവസാനത്തോടെ ലക്നൗവിലേക്ക് തിരിച്ചു. എന്തായാലും അവിടെ എന്റെ കസിന്റെ സഹായത്തോടെ സൈന്യത്തിൽ ചേരാൻ സാധിച്ചു.

ഉത്സാഹത്തോടെ സൈന്യത്തിൽ ചേർന്നെങ്കിലും പട്ടാളരീതിയിലുള്ള പരിശീലനത്തിലെല്ലാം ഞാൻ പിന്നിലായിരുന്നു. അവിടെയും വായനയിൽ താൽപര്യം കാണിച്ചു. അടിസ്ഥാന പരിശീലനത്തിനുശേഷം തുടർന്നുള്ള ജോലിക്കും പട്ടാളത്തിൽ ആവശ്യമായ മറ്റു പഠനങ്ങൾക്കുമായി രാജ്യത്തിന്റെ പല ഭാഗത്തും പോകേണ്ടതായിവന്നു. ഈ അവസരത്തിൽ ഞാൻ കമ്മീഷനുവേണ്ട പുസ്തകങ്ങൾ വായിക്കാനും പരിശീലനത്തിനും തുടങ്ങി. അതോടൊപ്പംതന്നെ കോളെജ് ഡിഗ്രി എങ്ങനെയെങ്കിലും പൂർത്തീകരക്കണമെന്ന ആഗ്രഹവും ഉണ്ടായി. അതിന് പ്രൈവറ്റായി പഠിക്കാനും തുടങ്ങി.

കമ്മീഷന് ധാരാളം വായിക്കാനും പഠിക്കാനുമുണ്ട്. കൂടുതലും മനശ്ശാസ്ത്രപരമായ (psychology) പരീക്ഷകളും പരീക്ഷണങ്ങളുമാണ്. അതിനുവേണ്ടി ധാരാളം പുസ്തകങ്ങൾ വായിച്ചു, പഠിച്ചു. മൂന്നു പ്രാവശ്യം കമ്മീഷനുവേണ്ടി സെലക്ഷൻ ബോർഡുവരെ എത്താൻ കഴിഞ്ഞു. അവിടെവരെ എത്താൻ പല കടമ്പകൾ കടക്കേണ്ടതായിട്ടുണ്ട്. അതിന് താഴെയുള്ള മൂന്ന് സ്ഥലങ്ങളിലെ (Unit, Area, Command) പരീക്ഷകളിൽ ജയിച്ചിരിക്കണം. അതിനുശേഷമാണ് ബോർഡിൽ എത്തുന്നത്. മനുഷ്യന്റെ അടിമുതൽ മുടിവരെ പരീക്ഷിക്കുന്ന ചോദ്യങ്ങളും പരീക്ഷണങ്ങളുമാണ്. അതുപോലെ ബുദ്ധിശക്തി (intelligent) തെളിയിക്കാനും സൈന്യത്തിന്‌വേണ്ട പ്രത്യേകമായ പരീക്ഷകളും പരീക്ഷണങ്ങളും വേറെയും. എല്ലാം ഞാൻ നന്നായി ചെയ്തുവെന്നാണ് കരുതുന്നത്.

ഇൻഡ്യയിൽ ഏതുകാര്യമായാലും ഒരു സെലക്ഷൻ കിട്ടുകയെന്നത് ബുദ്ധിസാമർത്ഥ്യംകൊണ്ടു മാത്രമല്ലല്ലോ. മാത്രമല്ല വടക്കെ ഇൻഡ്യയിലെ സൈനികാധികൃതരുടെ സ്വന്തക്കാരും ബന്ധക്കാരും നിറഞ്ഞ ഒരു പ്രസ്ഥാനത്താണ് മത്സരം. അതിൽനിന്ന് എന്നെപ്പോലെ മറ്റ് പിൻബലമില്ലാത്തവർ തിരഞ്ഞെടുക്കപ്പെടണമെങ്കിൽ അത്ഭുതങ്ങൾ നടക്കണം. എന്തായാലും മൂന്നു പ്രാവശ്യം പോയിട്ടും എനിക്ക് സെലക്ഷൻ കിട്ടിയില്ല. മൂന്നു പ്രാവശ്യം ബോർഡുവരെ പോകാൻ കഴിഞ്ഞതുതന്നെ വലിയ കാര്യം. എന്തായാലും കമ്മീഷൻ കിട്ടുക എന്ന മോഹം എന്നെപ്പോലെയുള്ളവർക്ക് എത്ര ശ്രമിച്ചാലും എളുപ്പമല്ലെന്ന് ഞാൻ മനസ്സിലാക്കി.

ഇനിയും ആർമിയിൽ തുടർന്നിട്ട് കാര്യമില്ലെന്നുതോന്നി. പിന്നീട് എങ്ങനെയെങ്കിലും അവിടം വിടണമെന്ന ചിന്തയായി. ആർമി വിട്ടാൽ എന്തുചെയ്യുമെന്ന ചിന്ത വേറെയും. പിന്നീട് എങ്ങനെയെങ്കിലും അമേരിക്കയിൽ കടന്നുകൂടണമെന്ന ആഗ്രഹവും ആശയവുമായിരുന്നു കൂടുതലും. അക്കാലത്ത് അമേരിക്കയിൽ കുടുംബത്തിൽപെട്ടവർ ഉണ്ടായിരുന്നതും ഈ ചിന്തയ്ക്ക് ആക്കം കൂട്ടി. എന്നാൽ ആർമി വിടുക എന്നതായിരുന്നു ഏറ്റവും വലിയ പ്രശ്നം. പട്ടാളത്തിൽ പത്തുപതിനൊന്നു വർഷം പരിശീലനം കഴിഞ്ഞ, കഴിവുള്ള ഒരു ചെറുപ്പക്കാരന് ഡിസ്ചാർജ് കിട്ടുക ഏതാണ്ട് അസാധ്യമായിരുന്നു. അങ്ങനെയുള്ള ശ്രമം പാഴാകുകയായിരുന്നു പതിവ്. എന്തായാലും എനിക്ക് അതിനു കഴിഞ്ഞു എന്നുപറഞ്ഞാൽ മതിയല്ലോ. അങ്ങനെ 1974 എപ്രിലിൽ ഞാൻ ആർമി വിട്ടു. അതേവർഷം ആഗസ്റ്റിൽതന്നെ അമേരിക്കയിലേക്ക് പറക്കുകയും ചെയ്തു.

**എഴുത്തിന്റെ തുടക്കം**

ആർമിയിൽ ഇരിക്കുമ്പോഴാണ് കൂടുതൽ എഴുതിയിട്ടുള്ളത്. ദീപിക വീക്കിലി, സിനിമാ മാസിക മുതലായ ആനുകാലികങ്ങൾ വരുത്തി വായിക്കുകയും അവയിൽ ചെറുകഥ, ചെറിയ ലേഖനങ്ങൾ, അഭിപ്രായങ്ങൾ, പ്രതികരണങ്ങൾ മുതലായവ എഴുതിയിരുന്നു.

1960–പതുകളുടെ ഉത്തരാർദ്ധത്തിൽ ഞാൻ പഞ്ചാബിലെ അമൃത്സറിൽ ആയിരിക്കുമ്പോൾ ഒരു മലയാളി കുടുംബത്തിനുണ്ടായ അനുഭവം എന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. ഈ അനുഭവം

എന്നെ കൂടുതൽ എഴുതാൻ പ്രേരിപ്പിച്ചു. ഞാൻ എഴുതാൻ തുടങ്ങി. പണത്തിന്റെ ഏറ്റക്കുറച്ചിൽ കാരണം സ്വന്തം ബന്ധുക്കളാൽ അവഗണിക്കപ്പെട്ട ഒരു ചെറുപ്പക്കാരൻ പട്ടാളത്തിൽ ചേരുന്നതും അവിടെ നിന്ന് കമ്മീഷൻ ലഭിച്ച് ഓഫീസർ ആകുന്നതും, യുദ്ധത്തിൽ അയാളുടെ സാഹസങ്ങളും വിജയങ്ങളുമൊക്കെ ചേർത്ത് അതൊരു വലിയ നോവൽ ആകുകയായിരുന്നു. അതിൽ എന്റെ സ്വപ്നങ്ങളും ധാരാളമായി കടന്നു കൂടിയിട്ടുണ്ടെന്ന് പറയാതിരിക്കാൻ കഴിയില്ല. ഇന്ത്യയിലെ പ്രധാനപ്പെട്ട പട്ടണങ്ങളും അതൃത്തി പ്രദേശങ്ങളും എല്ലാം ഈ നോവലിന്റെ ഭാഗമായിട്ടുണ്ട്. അതോടൊപ്പം ചില ചൈനാക്കാരെയും കഥാപാത്രങ്ങളാക്കി ഏതാണ്ട് അഞ്ഞൂറുപേജുള്ള ഒരു വലിയ നോവൽ. അതിന് ഞാൻ 'അഗ്നിയുദ്ധം' എന്ന പേരുകൊടുത്തു. നാട്ടിൽ പണത്തിന്റെ ഏറ്റക്കുറച്ചിൽ കാരണം ഉലയുന്ന ബന്ധങ്ങളും പട്ടാളജീവിതവും ഇന്ത്യാ–ചൈനായുദ്ധവും ഇവിടെ അഗ്നിയുദ്ധമായി മാറുകയായിരുന്നു.

അത് എഴുതിക്കഴിഞ്ഞപ്പോൾ എനിക്ക് വലിയ കൃതികൾ എഴുതാമെന്ന തോന്നലുണ്ടായി. അങ്ങനെ ആദ്യത്തെ നോവൽ പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ച് ചിന്തിക്കാതെ എന്റെ മനസ്സിൽ ചെറുപ്പം മുതലേ കുടികൊണ്ടിരുന്ന ചില അനുഭവങ്ങൾ നോവൽ രൂപത്തിൽ എഴുതാൻ തുടങ്ങി.

എന്റെ ഗ്രാമത്തിൽ ധാരാളം പാവപ്പെട്ടവരുണ്ടായിരുന്നു. പട്ടിണിയെങ്കിലും പണിയെടുക്കാതെ വെറുതെ നടക്കുന്നവരായിരുന്നു പുരുഷന്മാരിൽ ഏറിയപങ്കും. വീടിന്റെ എല്ലാ ചുമതലകളും സ്ത്രീകൾക്കും. കുട്ടികൾക്ക് ഭക്ഷണത്തിന് വകയുണ്ടാക്കണം, വസ്ത്രംവേണം, പഠിപ്പിക്കണം. അങ്ങനെ ഓരോന്നും. അതും ഓരോ വീട്ടിലും ധാരാളം കുട്ടികളും. അതോടൊപ്പം രാവിലെ മുതൽ വെറുതെനടന്ന് വീട്ടിലെത്തുന്ന ഭർത്താവിന് ഭക്ഷണം റെഡിയായിരിക്കണം. വൈകീട്ട് മദ്യപാനവും കഴിഞ്ഞ് അയാൾ എത്തുമ്പോൾ വീട്ടിൽ കലഹവും ഭാര്യയെ കാര്യമില്ലാതെ ഉപദ്രവിക്കലും. ചുരുക്കത്തിൽ സ്ത്രീകൾക്ക് എപ്പോഴും വേദനയും കണ്ണുനീരും പട്ടിണിയും മാത്രം.

അതോടൊപ്പം സ്ത്രീധനത്തിന് വകയില്ലാത്തതിനാൽ വിവാഹം നടക്കാതെ പുരനിറഞ്ഞു നിൽക്കുന്ന പെൺമക്കൾ. അങ്ങനെ അവിവാഹിതരായ പെൺമക്കൾ അമ്മയുടെ മനസ്സിൽ എരിയുന്ന നെരിപ്പോടായി മാറുകയാണ്. ഈ പെൺകുട്ടികൾ വീടുകളിൽ വേണ്ടാത്ത വസ്തുക്കളായി കഴിയേണ്ടി വന്നിരുന്നു. ഇല്ലാത്ത കാര്യങ്ങൾക്കുപോലും അവർ കുറ്റക്കാരായിതീരുന്നു. മറ്റൊന്നും ചെയ്യാൻ കഴിയാത്ത അവർക്കും കണ്ണുനീർമാത്രമാണ് മിച്ചം. അതാണ് 'ജീവിതത്തിന്റെ കണ്ണീർ' എന്ന പേരിൽ പ്രസിദ്ധീകരിച്ച അമേരിക്കയിലെ ആദ്യത്തെ മലയാളം നോവൽ.

വടക്കെ ഇൻഡ്യയിൽ ആയിരുന്ന കാലത്ത് പ്രസിദ്ധീകരണക്കാരേയോ എങ്ങനെയാണ് പ്രസിദ്ധീകരിക്കേണ്ടതെന്നോ അറിഞ്ഞിരുന്നില്ല. മാത്രമല്ല, കമ്മീഷനുവേണ്ടിയുള്ള പഠിത്തവും ഈ അവസരത്തിൽ നടന്നുകൊണ്ടിരുന്നു. കമ്മീഷൻ ലഭിക്കുകയില്ലെന്നു മനസ്സിലായ 1970–കളുടെ പൂർവ്വാർദ്ധത്തിൽ ആർമി വിടാനും അമേരിക്കയിൽ കുടിയേറാനുമുള്ള ശ്രമവും നടക്കുന്നുണ്ടായിരുന്നു. ഈ പ്രശ്നങ്ങൾക്കിടയിൽ പ്രസിദ്ധീകരണം ഒരു പ്രശ്നമല്ലാതായി.

1972 മെയ് 28–നാണ് ഞാൻ വിവാഹം കഴിച്ചത്. അമേരിക്കയിൽ എത്തുന്നതിനുമുമ്പ് രണ്ട് കുട്ടികളുമുണ്ടായിരുന്നു. അമേരിക്കയിൽ എത്തിയതിനുശേഷം അവരെകൊണ്ടുവരുന്നതിലും അവിടെ നിലയുറപ്പിക്കുന്നതിലുമായിരുന്നു കൂടുതൽ ശ്രദ്ധ. ഈ കാലയളവിലെല്ലാം എഴുത്തിനെപ്പറ്റി ചിന്തിച്ചതേയില്ല.

**അമേരിക്കയിൽ**

അമേരിക്കയിൽ, ന്യൂയോർക്കിലാണ് ഞാൻ ആദ്യം എത്തുന്നത്. അവിടെ ഏതാണ്ട് ഏഴുവർഷം താമസിച്ചു. എന്നാൽ ന്യൂയോർക്കിലെ ശൈത്യം കുട്ടികളുടെ ആരോഗ്യത്തിന് നല്ലതായിരുന്നില്ല. അതുകൊണ്ട് 1980–ഡിസംബറിൽ ഹ്യൂസ്റ്റനിലേക്ക് താമസം മാറ്റി. പിന്നീട് ഹ്യൂസ്റ്റനിൽ വച്ചാണ് സാമൂഹ്യ–സാംസ്കാരിക–സാഹിത്യ പ്രവർത്തനങ്ങൾ തുടങ്ങുന്നത്. മുമ്പ് ന്യൂയോർക്കിലായിരുന്നെങ്കിലും സിറ്റിയിൽനിന്ന് ഏതാണ്ട് 100 മൈൽ അകലെ വടക്കു പടിഞ്ഞാറുള്ള മോന്‌ടിസെല്ലൊ (Monticello) എന്ന ചെറിയ നഗരത്തിലായിരുന്നു ഞങ്ങൾ താമസിച്ചിരുന്നത്. അവിടെവച്ചാണ് ഞങ്ങളുടെ ഇളയ കുട്ടി ജനിച്ചത്. അവിടെ ഏഴോ എട്ടോ മലയാളിക്കുടുംബങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്. അതുകൊണ്ട് സാമൂഹ്യ–സാംസ്ക്കാരിക സംഘടനയോ സംഘടനകളോ സാഹിത്യപ്രവർത്തനങ്ങളോ ഒന്നും ഉണ്ടായിരുന്നില്ല.

ഹ്യൂസ്റ്റനിലെ മലയാളി സംഘടനയായിരുന്നു കേരളാ കൾച്ചറൽ അസ്സോസിയേഷൻ (KCA). 1980 ഡിസംബറിലാണ് ഞാൻ ഹ്യൂസ്റ്റനിൽ എത്തിയതെങ്കിലും അടുത്ത വർഷംതന്നെ (1981) കെ.സി.എ. യുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ 'മാറ്റൊലി'യുടെ ചീഫ് എഡിറ്ററായി എന്നെ തിരഞ്ഞെടുത്തു.

എന്തുകൊണ്ടാണ് എന്നെ അതിന് തിരഞ്ഞെടുത്തതെന്ന് എനിക്ക് ഇന്നും അജ്ഞാതമാണ്. എന്തായാലും ഞാൻ അതിന്റെ മുഖ്യപത്രാധിപരായശേഷം മാറ്റൊലിയ്ക്ക് വളരെ മാറ്റങ്ങൾ വരുത്തി. അതുവരെ കേവലം മൂന്നു നാലു പേജുകളിൽ വിവരങ്ങൾ മാത്രം പ്രസിദ്ധീകരിച്ചിരുന്നത്, വിപുലീകരിച്ച് നാട്ടിലെ ഒരു വീക്കിലിയുടെ മട്ടിലാക്കി മാറ്റിയെടുത്തു. അതോടൊപ്പം അതിൽ ലേഖനങ്ങളും കഥകളും എഴുതാനും തുടങ്ങി. ഇത് എന്നെ വീണ്ടും എഴുത്തിന്റെ പാതയിലേക്ക് നയിക്കുകയായിരുന്നു.

അപ്പോൾ ഞാൻ ഏതാണ്ട് ഒരു പതിറ്റാണ്ട് മുമ്പ് എഴുതിയിരുന്ന നോവലുകളെക്കുറിച്ച് വീണ്ടും ചിന്തിച്ചു. അന്ന് ആ കയ്യെഴുത്തു പ്രതികൾ നാട്ടിലായിരുന്നു. അടുത്ത പ്രാവശ്യം നാട്ടിൽ പോയപ്പോൾ അതെല്ലാം തിരികെ കൊണ്ടുവന്നു. 'ജീവിതത്തിന്റെ കണ്ണീർ' വീണ്ടും തിരുത്തിയെഴുതി. അത് 1982–ൽ സ്വന്തമായി പ്രസിദ്ധീകരിച്ചു. 'അഗ്നിയുദ്ധ'മാണ് ഞാൻ ആദ്യമായി എഴുതിയതെങ്കിലും, ജീവിതത്തിന്റെ കണ്ണീരാണ് ആദ്യമായി പ്രസിദ്ധീകരിച്ചത്. അതിന് എനിക്കു തോന്നിയ കാരണം ചെറുപ്പം മുതലേ എന്നിൽ കുടികൊണ്ട എന്റെ ഗ്രാമത്തിന്റെ അനുഭവങ്ങളും, ആ ഗ്രാമത്തിന്റെ സ്പന്ദനങ്ങളും ആ കൃതിയിലായിരുന്നുവെന്നുള്ളതാണ്. എങ്കിലും അതിൽ എന്റെ ഭാവനയും ആശയങ്ങളും ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. അഗ്നിയുദ്ധത്തിന്റെ ആശയം അതിനുശേഷമാണ് ഉണ്ടായത്.

### ആദ്യപ്രസിദ്ധീകരണം

1982–ൽ ഞാൻ ജീവിതത്തിന്റെ കണ്ണീർ പ്രസിദ്ധീകരിക്കുമ്പോൾ അമേരിക്കയിൽ മലയാളി എഴുത്തുകാർ ഉണ്ടോ എന്നുതന്നെ അറിഞ്ഞിരുന്നില്ല. എന്നാൽ അന്ന് രണ്ട് മാസികകൾ ന്യൂയോർക്കിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്നു. പ്രഭാതവും അശ്വമേധവും. അതിൽ വളരെ ചുരുക്കമായി അമേരിക്കൻ മലയാളികളിൽനിന്ന് ലേഖനക്കുറിപ്പുകൾ കണ്ടിട്ടുണ്ട്. അത്രമാത്രം. എന്തായാലും അമേരിക്കയിലെ ആദ്യത്തെ മലയാളം നോവലാണ് 1982–ൽ ഞാൻ പ്രസിദ്ധീകരിച്ച 'ജീവിത്തിന്റെ കണ്ണീർ'. ഈ കൃതി 1987–ൽ കേരളത്തിൽ നാഷണൽ ബുക്സ്റ്റാൾ പ്രസിദ്ധീകരിച്ചു. അക്കാലത്ത് ഒരു തുടക്കക്കാരന്റെ കൃതി നാഷണൽ ബുക്സ്റ്റാൾ പ്രസിദ്ധീകരിക്കുന്നത് അക്കാഡമി അവാർഡിനു തുല്യമായിരുന്നുവെന്നുള്ളതാണ്.

അതിനുശേഷം അഗ്നിയുദ്ധം തിരുത്തി എഴുതി. 1989–ൽ നാഷണൽ ബുക്സ്റ്റാൾതന്നെ പ്രസിദ്ധീകരിച്ചു. അന്നും അമേരിക്കയിൽ വളരെ ചുരുക്കം മലയാളി എഴുത്തുകാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മാത്രമല്ല അതിനുമുമ്പായി അതായത് എന്റെ ജീവിതത്തിന്റെ കണ്ണിരിനു ശേഷം അഗ്നിയുദ്ധംവരെ കേവലം മറ്റൊരു നോവൽകൂടി മാത്രമേ അമേരിക്കയിൽനിന്ന് പ്രസിദ്ധീകരിച്ചിട്ടുള്ളൂ.

അതിനുശേഷം ചെറുകഥകൾ എഴുതുന്നതിലാണ് കൂടുതൽ താൽപര്യം കാണിച്ചത്. അതിന്റെ ഫലമായി രണ്ട് ചെറുകഥാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചു. അതോടൊപ്പംതന്നെ 'കേരളനാദം' എന്ന പേരിൽ ഒരു വാർത്താ–സാഹിത്യ മാസികയും തുടങ്ങി. അമേരിക്കയിലെ മലയാളികളിൽനിന്ന് വളരെ പ്രശംസ പിടിച്ചുപറ്റിയ ഒരു പ്രസിദ്ധീകരണമായിരുന്നു അത്.

അതോടൊപ്പംതന്നെ സാമൂഹ്യ–സാംസ്ക്കാരിക–സാഹിത്യ–ആത്മീയ പ്രസ്ഥാനങ്ങളിലും പ്രവർത്തിക്കാൻ തുടങ്ങി. പല സംഘടനകളിലും ചെയർമാൻ, പ്രസിഡന്റ്, സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. അവാർഡ് നൈറ്റ്, മിസ് കേരളാ പാജന്റ് മുതലായ പല വിപുലമായ പരിപാടികൾ സംഘടിപ്പിച്ച് വൻ വിജയമാക്കിയിട്ടുണ്ട്.

ഇപ്പോൾ അമേരിക്കയിൽ ഭാഷയുടെ ബോധവത്ക്കരണത്തിനും വളർച്ചയ്ക്കും ഉയർച്ചക്കും വേണ്ടി 'മലയാളം സൊസൈറ്റി ഓഫ് അമേരിക്ക' എന്ന സംഘടന സ്ഥാപിച്ച് അതിന്റെ പ്രിഡന്റായി തുടരുന്നു. അതോടൊപ്പം മലയാളി പ്രസ് കൗൺസിലിന്റെ സെക്രട്ടറിയായും പ്രവർത്തിക്കുന്നു.

ആരും എന്നെ പ്രത്യേകിച്ച് സ്വാധീനിച്ചിട്ടില്ല. എല്ലാവരോടും എനിക്ക് സ്നേഹമുണ്ട്. എല്ലാവരേയും ദൈവസൃഷ്ടിയായി കാണുന്നു. എന്നാൽ നല്ലവർ എന്നുതോന്നുന്നവരോട് കൂടുതൽ സ്നേഹവും ബഹുമാനവും തോന്നും. എന്നേക്കാൾ കഴിവുള്ളവരോടും എഴുതുന്നവരോടും എനിക്ക് ആദരവുണ്ട്. അവരുടെ ആശയങ്ങളും രീതികളുമൊക്കെ ശ്രദ്ധയോടെ മനസ്സിലാക്കാൻ ശ്രമിക്കും. എന്തുചെയ്യുന്നതിലും എഴുതുന്നതിലും എന്റേതായ രീതി വേണമെന്ന് എനിക്ക് നിർബന്ധമുണ്ട്. മാത്രമല്ല, എന്തുചെയ്യുന്നതിലും വ്യത്യസ്തത ഉണ്ടായിരിക്കണമെന്നും നിർബന്ധമുണ്ട്. എവിടെ നേതൃനിരയിൽ പ്രവർത്തിച്ചിട്ടുണ്ടോ, അവിടെയെല്ലാം അനുകരണമല്ലാത്ത മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അതുപോലെ ആരുതന്നെയായാലും വിഡ്ഢിത്തങ്ങൾ പറയുന്നതും പ്രവർത്തിക്കുന്നതും എനിക്ക് സഹിക്കാൻ കഴിയുന്നതല്ല. അതിനെതിരെ പ്രതികരിക്കും. എല്ലാ കാര്യങ്ങളും വളരെ നിയന്ത്രണത്തിൽ (orderly) വേണമെന്ന് എനിക്ക് നിർബന്ധമുണ്ട്. എന്തുചെയ്യുന്നതും ശരിയായി ആലോചിച്ച് തീരുമാനിച്ച് ശരിയായ

പദ്ധതിയോടെ (plan) വേണം ചെയ്യാൻ. മാത്രമല്ല, ചെയ്യുന്ന കാര്യങ്ങൾ അതിന്റേതായ ശ്രേഷ്ഠതയിൽ (quality) വേണം ചെയ്യാൻ. അല്ലാതെ എങ്ങനെയെങ്കിലും അങ്ങുനടക്കും അല്ലെങ്കിൽ അതൊക്കെ മതി അതുമല്ലെങ്കിൽ 'മലയാളികൾക്കിതു മതി' എന്ന രീതിയിൽ ചെയ്യുന്നത് എനിക്ക് സഹിക്കാൻ കഴിയുന്ന തല്ല. എന്തുചെയ്യുന്നതിലും സ്വന്തമായ ഒരു രീതി (a personal touch) ഉണ്ടായിരിക്കണം. ഇതൊക്കെ എന്റെ ചില രീതികൾ എടുത്തു പറഞ്ഞെന്നു മാത്രം

**പ്രധാന കൃതികൾ**

1. ജീവിതത്തിന്റെ കണ്ണീർ (നോവൽ– 1982, 87, 2004)
   (അമേരിക്കയിലെ ആദ്യ മലയാളം നോവൽ)
2. അഗ്നിയുദ്ധം (നോവൽ– 1989, 2004)
3. അമേരിക്ക (നോവൽ– 1994, 95, 2008)
4. മൗനനൊമ്പരങ്ങൾ (ചെറുകഥകൾ 1991)
5. അകലുന്ന ബന്ധങ്ങൾ (ചെറുകഥകൾ 1993)
6. ബോധധാര (ഉപന്യാസങ്ങൾ 1999)
7. അമേരിക്കയിലെ മലയാളസാഹിത്യചരിത്രം (ചരിത്രം– 2007)
8. ഉറങ്ങുന്ന കേരളം (ലേഖനങ്ങൾ)
9. മാറ്റമില്ലാത്ത മലയാളികൾ (ലേഖനങ്ങൾ)

കൂടാതെ അമേരിക്കയിലെയും കേരളത്തിലെയും ആനുകാലികങ്ങളിൽ ലേഖനങ്ങൾ പതിവായി എഴുതുന്നുണ്ട്. എന്റെ പല ലേഖനങ്ങളും സാമൂഹത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രധാന പ്പെട്ട പല സുവനിയർ ഗ്രന്ഥങ്ങളുടെ ചീഫ് എഡിറ്ററായി പ്രവർത്തിച്ചു. പല കൃതികൾക്കും അവതാരി കയും അഭിപ്രായങ്ങളും എഴുതിയിട്ടുണ്ട്. (തുടർന്നും എഴുതിക്കൊണ്ടിരിക്കുന്നു.)

**യാത്രകൾ**

ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളും പ്രധാനപ്പെട്ട പട്ടണങ്ങളും സന്ദർശിച്ചിട്ടുണ്ട്.
മറ്റ് രാജ്യങ്ങൾ– നേപ്പാൾ, ഭൂട്ടാൻ, യു. എസ്. എ, മെക്സിക്കോ, കാനഡ, ഇറ്റലി (റോം, അസ്സീസി, ഫ്ളോറൻസ്, വെനീസ്), ഇസ്രയേൽ, ഈജിപ്റ്റ്, സ്പെയിൻ, പോർച്ചുഗൽ, ഫ്രാൻസ്, സിലോൺ, സിംഗ പ്പൂർ, മലേഷ്യ. ഇനിയും പല രാജ്യങ്ങൾ സന്ദർശിക്കണമെന്ന് ആഗ്രഹമുണ്ട്.

**പുരസ്കാരങ്ങൾ**

1. മലയാളി അസ്സോസിയേഷൻ ഓഫ് ഗ്രേറ്റർ ഹ്യൂസ്റ്റൻ അവാർഡ് (1991)
2. ആദ്യത്തെ ഫൊക്കാന സാഹിത്യ അവാർഡ് (1992)
3. ഫൊക്കാന എഡിറ്റോറിയൽ അവാർഡ് (1996)
4. വിശാല കൈരളി അവാർഡ് (1997)
5. കോഴിക്കോട് ഭാഷാസമന്വയവേദി അവാർഡ് (2005)
6. ക്രിസ്ത്യൻ ആർട്സ് ആൻഡ് കൾച്ചറൽ ഫൗണ്ടേഷൻ അവാർഡ് 2006
7. ഇൻഡ്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക അവാർഡ് (2008)

മലയാളി സംഘടനകളിൽനിന്നും മറ്റും വേറെയും പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

**(For social and cultural works and achievements, please see 'Positions held')**